# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1823 — 16.02.2016 ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. ഉമ്മൻ ചാണ്ടി<br>( ബഹു. മുഖ്യ മന്ത്രി) |
| (എ) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്; വിശദമാക്കാമോ; | (എ) വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായാണ്, വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബർ സംഭരണം നടത്തിയിട്ടുള്ളത്.<br>റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് |

അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടായ സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ? | (സി) | വിപണിഇടപെടൽ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ വിഹിതമായി 2013-14 ൽ 4 കോടി രൂപയും 2014-15 ൽ 12 കോടി രൂപയും കൃഷി വകുപ്പ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ